# KERALA STATE BACKWARD CLASSES DEVELOPMENT CORPORATION LIMITED

( A Government of Kerala Undertaking )

KSBCDC

## എല്ലാ വിഷയത്തിലും എ പ്ലസ് ഗ്രേഡ് നേടിയ പ്ലസ് ടു വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് പദ്ധതി.

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതിയുടെ ഭാഗമായി ഇക്കഴിഞ്ഞ പ്ലസ് ടു പരീക്ഷയ്ക്ക് എല്ലാ വിഷയങ്ങളിലും എ പ്ലസ് ലഭിച്ചവരും മറ്റു പിന്നോക്ക വിഭാഗത്തിൽ (OBC)-പ്പെട്ടവരുമായ വിദ്യാർത്ഥി-വിദ്യാർത്ഥിനികൾക്ക് സ്കോളർഷിപ്പ് നൽകുന്നു. ഒറ്റത്തവണയായി 5,000/- രൂപയാണ് സ്കോളർഷിപ്പ് നൽകുന്നത്.

### സ്കോളർഷിപ്പ് സംബന്ധിച്ച നിബന്ധനകൾ ചുവടെ ചേർക്കുന്നു

1) **അപേക്ഷകൻ മറ്റു പിന്നോക്ക വിഭാഗത്തിൽ (ഒ.ബി.സി.) വിഭാഗത്തിൽപ്പെട്ടവരായിരിക്കണം.**
2) **2015-16 വിദ്യാഭ്യാസ വർഷത്തിൽ സ്റ്റേറ്റ് സിലബസ്സിൽ +2 പഠനം പൂർത്തിയാക്കിയവരായിരിക്കണം**
3) **എല്ലാ വിഷയത്തിലും എ+ ഗ്രേഡ് ലഭിച്ചവരായിരിക്കണം**
4) **കുടുംബ വാർഷിക വരുമാനം 1,20,000/- രൂപയിൽ താഴെയായിരിക്കണം**

www.ksbcdc.com എന്ന വെബ്സൈറ്റ് മുഖാന്തിരം 2016 നവംബർ 25 നകം ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. അർഹരായ വിദ്യാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ പ്രിന്റഡ് കോപ്പി, പ്ലസ് ടു മാർക്ക് ലിസ്റ്റിന്റെ പകർപ്പ്, ബാങ്ക് പാസ്സ് ബുക്കിന്റെ ആദ്യ പേജിന്റെ പകർപ്പ് (അക്കൗണ്ട് നമ്പർ, IFSC കോഡ് എന്നിവ രേഖപ്പെടുത്തിയ പേജ്), ജാതി തെളിയിക്കുന്നതിന് എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, അല്ലെങ്കിൽ ബന്ധപ്പെട്ട റവന്യൂ അധികാരികളിൽ നിന്നുള്ള ജാതി സർട്ടിഫിക്കറ്റ്, കഴിഞ്ഞ 6 മാസത്തിനകം ലഭിച്ച കുടുംബ വാർഷിക വരുമാന സർട്ടിഫിക്കറ്റിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് എന്നിവ സഹിതം കോർപ്പറേഷനിൽ നിന്നുള്ള അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് അതാത് ജില്ലാ ഓഫീസുകളിൽ സർട്ടിഫിക്കറ്റ് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. പ്രസ്തുത തീയതി പിന്നീട് അറിയിക്കുന്നതാണ്.

To Apply Onlie Click Here : Scholarship 2016

**മാനേജിംഗ് ഡയറക്ടർ**

Regd. Office: T.C. 27/588 (7) & (8), "Sentinel", 2nd Floor, Pattoor,
Vanchiyoor P.O., Thiruvananthapuram- 695 035
Phone: 0471-2577550. Fax: 0471-2577539. E Mail : ksbcdc@gmail.com Web : www.ksbcdc.com

"Freedom from poverty and backwardness"